# മഹാത്മാ ഗാന്ധി സര്‍വ്വകലാശാല

പബ്ലിക് റിലേഷന്‍സ് ഓഫീസറുടെ കാര്യാലയം
*പ്രിയദര്‍ശിനി ഹില്‍സ് പി.ഒ, കോട്ടയം-* 686560
***ഫോണ്‍:*** 0481-2733370


## വാര്‍ത്താക്കുറിപ്പ്

**2024 നവംബര്‍ 15**

---

## 500ലധികം ഒഴിവുകള്‍; സൗജന്യ തൊഴില്‍ മേള 22ന്

*എം.ജി. സര്‍വകലാശാലാ എംപ്ലോയ്മെന്‍റ് ഇന്‍ഫര്‍മേഷന്‍ ആന്‍റ് ഗൈഡന്‍സ് ബ്യൂറോയില്‍ പ്രവര്‍ത്തിക്കുന്ന മോഡല്‍ കരിയര്‍ സെന്‍ററിന്‍റെ ആഭിമുഖ്യത്തിലുള്ള തൊഴില്‍ മേള നവംബര്‍ 22ന് നടക്കും.*

*വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 500 ഓളം ഒഴിവുകളില്‍ നിയമനം നടത്തുന്നതിനുള്ള തൊഴില്‍ മേളയില്‍ പ്ലസ് ടു, ഡിപ്ലോമ, ഡിഗ്രി എന്നിവയോ അധിക യോഗ്യതകളോ ഉള്ളവര്‍ക്ക് പങ്കെടുക്കാം.*

*നവംബര്‍ 21ന് ഉച്ചയ്ക്ക് ഒന്നിനു മുന്‍പ്* t.ly/KOTTAYAM *എന്ന ലിങ്ക് വഴി പേര് രജിസ്റ്റര്‍ ചെയ്യുന്നവര്‍ക്കാണ് അവസരം. ഒഴിവുകള്‍ സംബന്ധിച്ച വിശദവിവരങ്ങള്‍ മോഡല്‍ കരിയര്‍ സെന്‍ററിന്‍റെ ഫേസ്ബുക്ക് പേജില്‍*(www.facebook.com/MCCKTM). *ഫോണ്‍- 0481-2731025, 9495628626.*

*(പി.ആര്‍.ഒ/39/1027/2024)*

## പ്രഫ.സാബു തോമസിന് സത്ബയേവ് സര്‍വകലാശാലയുടെ ആദരം

*മഹാത്മാ ഗാന്ധിസര്‍വകലാശാലാ മുന്‍ വൈസ് ചാന്‍സലറും സ്കൂള്‍ ഓഫ് നാനോസയന്‍സ് ആന്‍റ് നാനോ ടെക്നോളജി ഡയറ്കടറുമായ പ്രഫ. സാബു തോമസിനെ കസാഖ്സ്ഥാനിലെ സതബയേവ് സര്‍വകലാശാല ഹോണററി പ്രഫസര്‍ പദവി നല്‍കി ആദരിച്ചു. സര്‍വകലാശാലയുടെ 90-ാം വാര്‍ഷികാഘോഷത്തിന്‍റെ ഭാഗമായി നാലാം വ്യവസായ വിപ്ലവത്തിന്‍റെ വെല്ലുവിളികള്‍ എന്ന വിഷയത്തില്‍ സംഘടിപ്പിച്ച രാജ്യാന്തര സമ്മേളനത്തോടനുബന്ധിച്ചായിരുന്നു ആദരിക്കല്‍.*

*പോളിമര്‍ സയന്‍സ്, നാനോ ടെക്നോളജി മേഖലകള്‍ക്ക് പ്രഫ. സാബു തോമസ് നല്‍കിയ സംഭാവനകള്‍ പരിഗണിച്ചാണിത്. നാനോ ടെക്നളോജിയുടെ ഭാവിസാധ്യതകളെക്കുറിച്ച് സമ്മേളനത്തില്‍ അദ്ദേഹം പ്രഭാഷണം നടത്തി.*

*ഫോട്ടോ ക്യാപ്ഷന്‍...*

*കസാഖ്സ്ഥാനിലെ സത്ബയേവ് സര്‍വകലാശാലയുടെ ഹോണററി പ്രഫസര്‍ പദവി സ്വീകരിച്ചശേഷം പ്രഫ. സാബു തോമസ് സര്‍വകലാശാലാ റെക്ടര്‍ ബെഗന്തേയവ് മെരിയാം, വൈസ് റെക്ടര്‍ കുല്‍ദീവ് എര്‍സാന്‍ ഇതെമെനോവിച്ച്, ബോര്‍ഡ് ഓഫ് സ്റ്റഡീസ് ചെയര്‍മാന്‍ യെര്‍ഗലിയേവ് അസില്‍ഖനോവിച്ച് എന്നിവര്‍ക്കൊപ്പം.*

*(പി.ആര്‍.ഒ/39/1028/2024)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2023 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1029/2024)*

## സമയപരിധി നീട്ടി

*മൂന്നാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. നവംബർ 19 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 21 വരെയും അപേക്ഷ സ്വീകരിക്കും.*

..........................

*മൂന്നാം സെമസ്റ്റർ എംസിഎ (2023 അഡ്മിഷൻ റെഗുലർ, 2021,2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. നവംബർ 19 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 20 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 21 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1030/2024)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*നവംബർ 18 ന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ അഞ്ചാം സെമസ്റ്റർ ബിഎ, ബികോം (സിബിസിഎസ്എസ്) (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയ്ക്ക് കേന്ദ്രങ്ങൾ അനുവദിച്ചു. വിദശാംശങ്ങൾ വെബ് സൈറ്റിൽ.*

*വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെന്ററിൽ നിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി അനുവദിച്ചിരിക്കുന്ന കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.*

*(പി.ആർ.ഒ/39/1031/2024)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ ഇൻഗ്രേറ്റഡ് എംഎസ്സി, എംഎ( 2023 അഡ്മിഷൻ റഗുലർ, 2022, 2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറ്, 2020, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 26ന് ആരംഭിക്കും.*

*(പി.ആർ.ഒ/39/1032/2024)*

## പ്രാക്ടിക്കൽ

*അഞ്ചാം സെമസ്റ്റർ ബിഎ അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ്, ബിഎ അനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ടസ് (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 22ന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1033/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ എൽഎൽബി, ബി.ബിഎ എൽഎൽബി, ബികോം എൽഎൽബി (ഓണേഴ്സ് 2022 അഡ്മിഷൻ റെഗുലർ, 2016*

*മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷക്ക് നവംബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 27 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 29 വരെയും അപേക്ഷ സ്വീകരിക്കും.*
*(പി.ആർ.ഒ/39/1034/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**